KUNJAN PILLAI: ALANAKARASAMKSEPAM

900P 32J4

015:90P
32J4

MUL
165099

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number O15:90P 32J4

Accession Number 165099

Available for loan from

This book should be returned on or before
the date last marked below.

O. 61

തിരുവിതാംകൂർ സർവ്വകലാശാല

ഭാഷാഗ്രന്ഥാവലി—അങ്കം 83

# അലങ്കാരസംക്ഷേപം

UNIVERSITY LIBRARY
8 NOV 1954
MADRAS

പ്രസാധകൻ

**ശൂരനാട്ടു കുഞ്ഞൻപിള്ള** എം. എ.

ആണററി ഡയറക്ടർ

ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം.

തിരുവനന്തപുരം കമലാലയാ പ്രസ്സിൽ

അച്ചടിച്ചതു്.

1954/1129

പകർപ്പവകാശം സുരക്ഷിതം] [വില രൂപ-൧

ഭാഷാഗ്രന്ഥാവലി—അങ്കം 83

# അലങ്കാരസംക്ഷേപം

UNIVERSITY LIBRARY
8th NOV 1954
MADRAS

പ്രസാധകൻ

**ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ.**

ആണററി ഡയറക്റ്റർ
ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം.

തിരുവനന്തപുരം കമലാലയാ പ്രസ്സിൽ
അച്ചടിച്ചതു്.

1954/1129

പകർപ്പവകാശം സുരക്ഷിതം] [വില രൂപ ൧

165099
38091
015:90P
32J4

# ഉള്ളടക്കം


| നമ്പർ | വിഷയം | പുറം |
|---|---|---|
| | അവതാരിക | |
| 1 | ഛേകാനുപ്രാസം | 1 |
| 2 | വൃത്ത്യനുപ്രാസം | 3 |
| 3 | ലാടാനുപ്രാസം | 4 |
| 4 | യമകം | 5 |
| 5 | പുനരുക്തവദാഭാസം | 6 |
| 6 | ഉപമ | 6–8 |
| 7 | അനന്വയം | 9 |
| 8 | ഉപമേയോപമ | 9 |
| 9 | സ്മരണം | 10 |
| 10 | രൂപകം | 12–15 |
| | (i) സമസ്തവസ്തുവിഷയംരൂപകം | |
| | (ii) ഏകദേശവിവർത്തിരൂപകം | |
| | (iii) കേവലരൂപകം | |
| | (iv) മാലാരൂപകം | |
| | (v)) പരമ്പരിതരൂപകം | |
| 11 | സന്ദേഹം | 15 |
| 12 | ഭ്രാന്തിമാൻ | 16 |
| 13 | അപഹ്നുതി | 16 |
| 14 | ഉത്പ്രേക്ഷ | 18 |
| 15 | അതിശയോക്തി | 21 |
| 16 | ദീപകം | 24 |
| 17 | ദൃഷ്ടാന്തം | 25 |
| 18 | നിദർശന | 27 |
| 19 | വ്യതിരേകം | 28 |
| 20 | സഹോക്തി | 28 |
| 21 | സമാസോക്തി | 29 |
| 22 | അപ്രസ്തുതപ്രശംസാ | 30 |
| 23 | അർത്ഥാന്തരന്യാസം | 32 |
| 24 | വക്രോക്തി | 32 |
| 25 | വിരോധം | 33 |
| 26 | അസംഗത | 33 |
| 27 | വിഭാവന | 34 |
| 28 | വിശേഷോക്തി | 34 |
| 29 | വ്യാജസ്തുതി | 35 |
| 30 | പരിസംഖ്യ | 35 |
| 31 | സൂക്ഷ്മം | 36 |
| 32 | വ്യാജോക്തി | 36 |
| 33 | ശ്ലേഷം | 37 |
| 34 | വക്രോക്തി | 37 |

# അവതാരിക

മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഒരു പഴയ അലങ്കാരഗ്രന്ഥമാണ് ഭാഷാത്രൈമാസികം വഴി പ്രകാശിപ്പിക്കുന്നത്. മഹാകവി ഉള്ളൂർ 'അലങ്കാരസംക്ഷേപം' എന്ന പേരിൽ ഈ ഗ്രന്ഥത്തെ കേരളസാഹിത്യചരിത്രം ഒന്നാം വാല്യത്തിൽ ഉൾപ്പെടുത്തി പ്രതിപാദിച്ചിട്ടുണ്ട്. (കേ. സാ. ച. ഭാഗം ൧. പു. ൪൨൧). അലങ്കാരസംക്ഷേപം എന്ന പേര് ഗ്രന്ഥത്തിൽ ഉള്ളതല്ല; മഹാകവി കൊടുത്തിട്ടുള്ളതാണ്. ആ പേര അസാധുവല്ലാത്തതിനാൽ ഇവിടെയും സ്വീകരിച്ചിരിക്കുന്നു.

ഈ ഗ്രന്ഥം ശ്രീ. ഈ. വി. രാമൻ നമ്പൂതിരി ശേഖരിച്ചു കൊണ്ടുവന്ന ഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. വേറേ മാതൃക കണ്ടുകിട്ടിയിട്ടില്ല. ഉപലബ്ധമായ മാതൃകയിൽത്തന്നെ ഗ്രന്ഥത്തിന്റെ ആദിയും അന്തവും ഭാഗങ്ങൾ വിട്ടിട്ടുള്ളതായിട്ടാണു തോന്നുന്നത്. സാധാരണ ഗ്രന്ഥങ്ങളിൽ കാണുന്ന മംഗളശ്ലോകം ഇതിൽ കാണുന്നില്ല. അവസാനത്തിലുള്ള പദ്യം തന്നെ അപൂർണ്ണമായിട്ടാണു നില്ക്കുന്നത്. ഗ്രന്ഥത്തിൻെറ എത്ര ഭാഗം വിട്ടിട്ടുണ്ടെന്ന് ഈ മാതൃകയിൽനിന്നു മനസ്സിലാക്കാൻ നിവൃത്തിയില്ല.

ലീലാതിലകത്തെപ്പററി പരിഗണിച്ച ശേഷമാണ് മഹാകവി സാഹിത്യചരിത്രത്തിൽ അലങ്കാരസംക്ഷേപത്തെപ്പററി പ്രതിപാദിക്കുന്നത്. കാലവിഷയകമായി ലീലാതിലകത്തോടു ചേർത്തു് അലങ്കാരസംക്ഷേപത്തെ ഗണിക്കാവുന്നതാണ്. ഈ അഭിപ്രായത്തിലായിരിക്കണം മഹാകവി ഇപ്രകാരം ഉൾപ്പെടുത്തി പ്രതിപാദിച്ചതു്. രവിവർമ്മ എന്നൊരു രാജാവിനെപ്പററി ഇരുപതോളം പദ്യങ്ങൾ ഇതിൽ ഉദ്ധരിച്ചിട്ടുണ്ട്. ഈ രവിവർമ്മ, സംഗ്രാമധീര രവിവർമ്മയാണെങ്കിൽ ഈ ഗ്രന്ഥവും ലീലാതിലകത്തിൻെറ കാലത്തോടു് അടുത്തു് ഉണ്ടായതായി ഊഹിക്കാം. 'ആ ഊഹത്തെ ആധാരമാക്കി ഇതിൻെറ കർത്താവു് കൊല്ലം ആറാം ശതകത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കാം. എന്നാൽ അതിനു തെളിവു്

പോരാത്താണിരിക്കുന്നതു്'' എന്നാണു് മഹാകവിയുടെ അഭിപ്രായം. ഗ്രന്ഥത്തെ വീണ്ടും വീണ്ടും പരിശോധിച്ചതിലും കൂടുതൽ വ്യക്തമായ അഭിപ്രായത്തിനു വഴി കാണുന്നില്ല.

രവിവർമ്മയ്ക്കു പുറമേ രാമവർമ്മ എന്നൊരു രാജാവിനെപ്പറ്റിയും, കോഴിക്കോട്ടേ മാനവിക്രമനെന്ന ഒരു സാമൂതിരിപ്പാടിനെപ്പററിയും ചില ശ്ലോകങ്ങളുണ്ടു്. എന്നാൽ ഈ രാജാക്കന്മാർ ആരെന്നു് അറിയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ഗ്രന്ഥകാരൻ ആരെന്നും അറിവില്ല.

ലീലാതിലകത്തിനും ഈ ഗ്രന്ഥത്തിനും തമ്മിൽ പ്രതിപാദനരീതിയിൽ സാദൃശ്യം കാണ്മാനുണ്ടു്. സൂത്രം, വൃത്തി, ഉദാഹരണം എന്നാണല്ലോ ലീലാതിലകത്തിലെ പ്രതിപാദനരീതി. സൂത്രവും വൃത്തിയും ലീലാതിലകത്തിൽ സംസ്കൃതമാണു്. ഉദാഹരണങ്ങൾ മണിപ്രവാളവും. സൂത്രത്തിന്റെ സ്ഥാനത്തു് കാരിക എന്നാണു് ഈ ഗ്രന്ഥത്തിന്റെ പോക്കു്. അതു് അധികവും മലയാളത്തിലുമാണു്. പ്രതിപാദനരീതിയിൽ അതാണു് മുഖ്യമായ വ്യത്യാസവും. വൃത്തി ഇതിലും സംസ്കൃതത്തിലാണു്. ഉദാഹരണം അധികവും മണി-പ്രവാളത്തിലും. ഈ രീതിതന്നെ ലീലാതിലകത്തിനോടുള്ള സാമ്യം സ്പഷ്ടമാക്കുന്നു. ഇതിനും പുറമേ ലീലാതിലകത്തിൽ കാണുന്ന 'അതിശയരമണീയാ രാമദേവീ! കണ്ടാ നിൻ' എന്നു തുടങ്ങുന്ന പദ്യം ഈ ഗ്രന്ഥത്തിലും കാണുന്നുണ്ടു്. എന്നാൽ പരിഗണിച്ചിട്ടുള്ള അലങ്കാരങ്ങളുടെ എണ്ണത്തിലും, ലക്ഷണനിർവ്വചനത്തിലും വ്യത്യാസം കാണാൻ ഉണ്ടെന്നുള്ളതു് ശ്രദ്ധേയവുമാണു്.

ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. 'ഛേകാനുപ്രാസം', 'വൃത്ത്യനുപ്രാസം', 'ലാടാനുപ്രാസം', 'യമകം', 'പുനരുക്തവദാഭാസം' എന്നിവയെപ്പററി പറഞ്ഞിട്ടു് ചിത്രകാവ്യത്തെ നീരസമെന്നു പറഞ്ഞു തള്ളുന്നു. ഇരുപത്തിയെട്ടു് അർത്ഥാലങ്കാരങ്ങൾ കൈക്കൊണ്ടിട്ടുണ്ടു്. അവ ഇവിടെ വിസ്തരിക്കുന്നില്ല. ചില അലങ്കാരങ്ങളുടെ ലക്ഷണകരണത്തിൽ സാഹിത്യദർപ്പണത്തോടു സാമ്യം കാണുന്നുണ്ടു്.

ഉദ്ധരിച്ചിട്ടുള്ള മണിപ്രവാളശ്ലോകങ്ങൾ സാമാന്യം നല്ലവ തന്നെ. പഴയ രീതിയനുസരിച്ച് പല നായികമാരെപ്പററിയുള്ള പ്രശംസാപദ്യങ്ങളും ഇതിൽ ഉണ്ട്.

ഉദ്ധൃതപദ്യങ്ങൾ മദ്ധ്യകാലമണിപ്രവാളത്തിന്റെ പ്രാതി-നിധ്യം കൈക്കൊള്ളുന്നു. മദ്ധ്യകാലഘട്ടത്തിൽ അലങ്കാരശാസ്ത്ര സംബന്ധമായി ലീലാതിലകംപോലെ മററു ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു എന്നതിനു തെളിവായി ഈ ഗ്രന്ഥത്തെ കരുതണം.

ഇതിന്റെ പ്രകാശനത്തിൽ എന്നെ സഹായിച്ച മാന്യസ്നേഹിതന്മാരായ ശ്രീ. കെ. എസ്. മഹാദേവശാസ്ത്രിയെയും ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പ് അവർകളെയും ഞാൻ സ്മരിച്ചുകൊള്ളുന്നു.

ഇതിന്റെ കൈയെഴുത്തു പ്രതിയും മററും ഉണ്ടാക്കി സഹായിച്ചതു് ശ്രീ. എൻ. ശ്രീധരൻ നായരാണു്.

മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
30—12—'53

ശൂരനാട്ടു കുഞ്ഞൻ പിള്ള
ഓണററി ഡയറക്ടർ

UNIVERSITY LIBRARY
8 NOV 1954
MADRAS

# അലങ്കാരസംക്ഷേപം §

(ലീലാതിലകത്തിന്റെ മാതൃകയിലുള്ള ഒരു പഴയ അലങ്കാരഗ്രന്ഥം)

## * ഛേകാനുപ്രാസം—വൃത്ത്യനുപ്രാസം

(1)

അനേകവ്യഞ്ജനങ്ങൾക്ക സകൃത്സാമ്യമനേകധാ
ഛേകാനുപ്രാസമെന്നാഹുഃ, വൃത്ത്യനുപ്രാസമന്യഥാ.

(2)

ഏകവ്യഞ്ജനസാദൃശ്യം നൈകസാദൃശ്യമേകധാ
അനേകത്ര്യാദിസാദൃശ്യമിങ്ങിനേ മൂന്നു ജാതി സഃ.

തത്ര ഛേകാനുപ്രാസോ യഥാ—

ഏണാങ്കചൂഡരമണീം രമണീയപീന-
ശ്രോണീനിരസ്തപുളിനാം നളിനായതാക്ഷീം
വീണാധരാമധികബന്ധുരബന്ധുജീവ-
ശോണാധരാമചലരാജസുതാമുപാസേ. 1

അത്ര രമണീം രമണീയ ഇതി രേഫ-മകാര-ണകാരാത്മകസ്യ വ്യഞ്ജനസമുദായസ്യ സകൃത് സാമ്യം. ഏവമേവ അസ്യ 'പുളിനാം നളിനായതാക്ഷീം' ഇത്യത്ര, 'വീണാധരാം ശോണാധരാം' ഇത്യത്ര ച, 'ബന്ധുരബന്ധുജീവ' ഇത്യത്ര ച വിദ്യമാനത്വാദ് അനേകധാത്വം. വ്യഞ്ജനഗ്രഹണം സ്വരസാദൃശ്യാനിയതത്വബോധനാർത്ഥം.

---

§ കാരികകൾക്ക പ്രത്യേകവും ഉദാഹരണശ്ലോകങ്ങൾക്ക് പ്രത്യേകവും അക്കങ്ങൾ കൊടുത്തും, അലങ്കാരത്തിന്റെ പേരു യഥാസ്ഥാനത്ത് എടുത്തു കാണിച്ചും പ്രസാധനം ചെയ്തിട്ടുള്ളതാണ്.

വലയത്തിന് അകത്തു കാണുന്ന നമ്പർ കാരികയെ കാണിക്കുന്നു.

* ഈ അടയാളം സൗകര്യത്തെ ഉദ്ദേശിച്ചു പ്രസാധകൻ ചെയ്തിട്ടുള്ള വിഷയവിഭജനത്തെ കാണിക്കുന്നു.

യഥാ—

ആലോലബാലമുകുളേ ബകുളേ വിഹാരം
കോലുന്ന കോലമുരികേ! വരികെന്നുപാന്ഥേ
ലീലാവനത്തിലിവിടെക്കമനീയശീലാ
നീലാക്ഷി നീവി മലർമാതെഴനെള്ളിനാളോ? 2

അത്ര പൂർവാർധേ ഛേകാനുപ്രാസഃ. 'കോലുന്ന കോലമുരികേ' ഇത്യത്ര ലകാരഗതസ്യ സ്വരസ്യ രൂപഭേദഃ. 'മുരികേ വരികെന്നുപാന്ഥേ' ഇത്യത്ര കകാരഗതസ്യ സ്വരസ്യ. മാത്രാഭേദശ്ച അനുപ്രാസവ്യാഘാതായ ഭവതി. കിഞ്ച, അനുപ്രാസപ്രസ്താവേ കേവലസ്വരസാമ്യം അകിഞ്ചിത്കരമേവ.

യഥാ—

ഇത ദലയതി ചിത്തംകാമ്പു യൂനാം
മദനനയം വിദയം വിയോഗഭാജാം
മൃദുപവനവിധൂതചൂതവല്ലീ-
കിസലയകത്രികകൊണ്ടു ചിത്രനീവീ!. 3

അത്ര പ്രഥമപാദേ തകാരാദൗ, ദ്വിതീയപാദേ മകാരാദൗ ച വർണ്ണചതുഷ്ടയേ യദ്യപി കേവലം അകാരാത്മകസ്യ സ്വരസ്യ സാമ്യം വിദ്യതേ തഥാപി ന തദ് അനുപ്രാസപ്രയോജകം. 'വിധൂതചൂതവല്ലീ' ഇത്യത്ര വ്യഞ്ജനസ്യാപി സാമ്യേ സ്പഷ്ടോഽനുപ്രാസഃ. 'കത്രികകൊണ്ടു ചിത്രനീവീ' ഇത്യത്ര സ്വരസാമ്യം വിനാപി സ്ഫുട ഏവ. പദാദിവർണ്ണവർണ്ണാനുപ്രാസേ തു പദവിച്ഛേദഗതപാഠവിളംബനശക്ത്യാ കേവലസ്വരസാമ്യമപ്യനുപ്രാസം പ്രയോജയതി.

യഥാ—

ആസന്നസന്ധ്യമസിതാഭമനാജ്യസിക്ത-
മഭ്യർണ്ണപങ്കമവലോകിതദീനവർഗ്ഗം
ഉദ്വിഗ്നകർതൃകമനുഷ്ണമഗോരസാർദ്ര-
മന്ധോ ഭവത്യരുച(മ)പ്യമൃതോപമാനം. 4

വൃത്ത്യനുപ്രാസോ യഥാ—

കരകലിതകുരംഗം കണ്ണിലത്യന്തപിംഗം
ചികുരഭരിതഗം(ഗം) ചീത്തകാരുണ്യരംഗം
പരികലിതഭുജംഗം പർവ്വതാപത്യസംഗം
മരുവുക ഹൃദി തുംഗം മാമകേ ശൈവമംഗം 5

അത്ര അനുസ്വാരോത്തരസ്യ 'ഗകാരസ്യൈകവ്യഞ്ജനസ്യാസകൃത് സാദൃശ്യം. പാദേഷു ച പ്രത്യേകം കകാ(രാ)ദേരേകവ്യഞ്ജനസ്യ സകൃത് സാദൃശ്യം: അസ്യ ച അലങ്കാരത്വേ സഹായസാപേക്ഷത്വനിയമാന്ന പൃഥഗ്ഗണനം കൃതം.

യഥാ വാ—

തെച്ചിപ്പൂവിൽ പതംഗദ്യുതിവിതതിമയേ
ചേർത്തു ശൃംഗാരലക്ഷ്മീ-
മച്ചിപ്പാൻ മാരഭൂപാലനു ജലധിമണി-
ച്ചാണമേലേണനേത്രേ!
വച്ചപ്പാട്ടുണ്ടു പാർത്താലിതു തുഹിനകരൻ
കിങ്കരൻ തൻകരം കൊ-
ണ്ടച്ചച്ചോ! കാണരയ്ക്കിന്നതു നരനിരയാം
ചന്ദനം ചന്ദ്രലേഖേ! 6

അത്ര 'പതംഗദ്യുതിവിതതിമയേ' ഇത്യത്ര തകാരസ്യൈകവ്യഞ്ജനസ്യ അസകൃത്സാദൃശ്യം. 'മണിച്ചാണമേലേണനേത്രേ' ഇത്യത്ര ണകാരസ്യ ച. 'ചന്ദനം ചന്ദ്രലേഖേ' ഇത്യത്ര അനേകവ്യഞ്ജനസ്യ ഏകധാ സകൃത്സാദൃശ്യം. 'തുഹിനകരൻ കിങ്കരൻ തൻകരംകൊണ്ടു'' ഇത്യത്ര കകാരരേഫാത്മകസ്യ വ്യഞ്ജന(സ)മുദായത്രയസ്യ പരസ്പരസാദൃശ്യമിതി ഭേദത്രയമപി ദ്രഷ്ടവ്യം.

മണ്ടേലുന്മേഷി വെൺമാലതിമലരിൽ നില-
　　ച്ചമ്പിലച്ചമ്പ കൗഘലം
തന്മേൽ മേന്മേലുരുമ്മിപ്പ്(ര)മുലകിൽ വിത-
　　ച്ചാമ്പൽതൻ പൂമ്പരാഗാൻ
കമ്രേ നമ്രേ നവാമ്രേ തടവി വടിവിനോ-
　　ടാഗതാനന്തിനേരം
മമ്മാ! രമ്യാംഗി! സമ്മാനയ മലയസമീ-
　　രാങ്കുരാൻ § കെങ്കയമ്മേ! 7

ഇത്യാദയോऽനുപ്രാസ-വൃത്ത്യനുപ്രാസഭംഗിവിശേഷാഃ.

* ലാടാനുപ്രാസം

(3)

വിധ്യുദ്ദേശാദിയോഗത്താൽ പ്രവിഭിന്നസമന്വയം
(ഏ)കാർത്ഥശബ്ദസാമ്യം യല്ലാടാനുപ്രാസമാമതു.

യഥാ —

രവിവർമ്മനരേന്ദ്രപാലിതാനാം
അനുകൂലാഃ പരിപന്ഥിനോ ജനാനാം.
രവിവർമ്മനരേന്ദ്രവൈരഭാജാം
അനുകൂലാഃ പരിപന്ഥിനോ ജനാനാം. 8

അത്ര പൂർവ്വാർദ്ധേ 'പരിപന്ഥിന ഉദ്ദിശ്യ അനുകൂലത്വം വിധീയതേ. ഉത്തരാർദ്ധേऽനുകൂലാൻ ഉദ്ദിശ്യ പരിപന്ഥിത്വം വിധീയതേ ഇത്യന്വയഭേദഃ. ജനാനാമിത്യസ്യ തു "പാലിതാനാം, വൈരഭാജാം" ഇതി വിശേഷണഭേദാദ് അന്വയഭേദഃ. തഥൈവ രവിവർമ്മനരേന്ദ്ര ശബ്ദസ്യ പാലനവൈരലക്ഷണസംബന്ധിഭേദാദ് അന്വയഭേദഃ.

§ 'സമീപാങ്കുരാൻ' എന്നു ഗ്രന്ഥപാഠം.

ത്രൈലോക്യനാഥനിടിലാനലസംഹൃതാത്മാ
സംകല്പയോനിരളിചൂഷിതബാണസാരഃ
നീലാരവിന്ദനയനേ! നയനേ ത്വദീയേ
ശസ്ത്രം വിധായ വിദധാതി വശേ ജഗന്തി. 9

അത്ര 'നയനേ നയനേ' ഇത്യത്ര പ്രത്യയാംശസ്യ ഭിന്നത്വേഽപി തദപേക്ഷയാ പ്രാതിപദികസാമ്യസ്യാധിക്യപ്രതീതേഃ ലാടാനുപ്രാസത്വമേവ.

* യമകം

(4)

വിഭിന്നാർത്ഥങ്ങളായുള്ള വർണ്ണങ്ങൾക്കു പുനഃ ശ്രുതി
താദൃശീ യമകം പ്രോക്തം ഭിന്നമാവൃത്തികൊണ്ടതു്

യഥാ—

ആകാശം കേവലന്തേ വിഷമംഹിതഭുജ-
ങ്ഗങ്ങളംഗേ ത്തുകിൽച്ചാ-
ർത്താകാശം കേവലം തേ വിഷമനയന! കേ-
ളെങ്കിലും തിങ്കൾമൌലേ!
ഏകീഭാവം കണക്കേ പരിചിതസുഖദം
മററു കണ്ടീലിതിന്നി-
ന്നേകീഭാവം കണക്കേ പരിചിത്തു (തി)രുവേ-
കപ്പൂരത്തമ്പിരാനേ! 10

കലാമണി! കേൾ തവ ഫാലമിന്ദോഃ
കലാമണീചാഞ്ചിതവേണി വാണീ
കലാമണീ വാമദൃശാം മനോ നിൻ-
കലാമണീയോ ധൃതി വിശ്വയൂനാം 11

ഇദം ചതുരാവൃത്തിയമകം.

കാന്തേഷു വാസന്തദിനേഷു കാന്തേ!
പൂന്തേന്മണീ! ചമ്പകപാടലേഷു
ഞാന്തേടിനേൻ നിൻ വിരഹേ ദവാഗ്നിം
പൂന്തേന്മണീ ചമ്പകപാടലേഷു. 12

ഇദം പാദാവൃത്തി.

ഇത്യേഷാ യമകഭേദസ്യ ദിഗ് ദ്രഷ്ടവ്യാ.

* പുനരുക്തവദാഭാസം

(5)

പുനരുക്തവദാഭാസമലംകാരമതാമുഖേ
വിഭിന്നാകാരശബ്ദങ്ങളേകാത്ഥതേപന തോന്നുകിൽ.

യഥാ—

അതിനിർമ്മലധവളയശാ
രവിഭാനുപ്രതി(മ)പൌരുഷാവാസഃ
വിഹിതാഹിതസംഹാരോ
രവി(വ)ർമ്മായം വിഭാതി നൃപരാജഃ 13

(6)

ചിത്രാണാം നീരസത്വംകൊണ്ടത്ര നൈവ നിരൂപണം
അത്ഥാലങ്കാരസംക്ഷേപഃ ക്രിയതേ$f$തഃ പരം മയാ.

(7)

സമാനമായ ധർമ്മംകൊണ്ടുപമാനോപമേയയോഃ
കാവ്യേ നിബന്ധം സംബന്ധമുപമാലംകൃതിർമ്മതാ.

(8)

ഇന്നാലവയവങ്ങൾക്കും ശബ്ദേനോപാത്തതാ യദി
പൂർണ്ണയാം ഗമ്യമാനത്വേ കസ്യചില്ലുപ്തയാ(മത്തു്).

തത്ര പൂർണ്ണോപമാ യഥാ -

ശ്രീമത്താമൊൻകടമുൻ(?)പുനരിരവികവി
പ്രൗഢർ മറവുന്നിരൂഢ-
പ്രേമസ്തോമം കളിച്ചീടിന കളിനിലമി-
പ്പൂതിവാ ജാതശോഭം
നാമിപ്പോരുന്നതെല്ലാം പരമൊരു പരിഹാ-
സാസ്പദങ്ങളൊങ്ങു തിങ്കി-
ത്തുമപ്പാടീടമിക്കും തുറയിലൊരു മുറി-
ത്തോണി കാണായപോലെ. 14

അത്ര വക്തുഃ കവേരഭ്ച്ഛിന്നായാ നാവശ്ച പരിഹാസാസ്പദത്വേന സമാനേന ധർമ്മേണ സാദൃശ്യലക്ഷണഃ സംബന്ധോ വാക്യാർത്ഥഃ.

ലുപ്തോപമാ യഥാ—

സരസിജമുകുളേ മനോഭിരാമേ
ദിനകരബാലമയൂഖരേഖ പോലെ
അയി തവ മുലമേലണിഞ്ഞതാരി-
ന്നഭിനവരത്നശലാക രത്നവേണീ! 15

സമാനധർമ്മലോപേ ലുപ്തൈഷാ. അത്ര സ്തനസ്യ സരസിജമുകുളസ്യ ച വൃത്തോന്നതം സ്ഥൂലമൂലഞ്ച സംസ്ഥാനം സമാനധർമ്മഃ. അഭിനവരത്നശലാകാത്വേന അധ്യവസിതായാ നഖരേഖായാഃ ദിനകര-ബാലമയൂഖരേഖായാശ്ച സൂക്ഷ്മദീർഘസംസ്ഥാനം താമ്രവർണ്ണശ്ച സമാനധർമ്മഃ. തദുഭയമപി അർത്ഥസാമർത്ഥ്യാത് ഗമ്യതേ.

യഥാ വാ—

വൃന്ദാരകാനോകഹസോദരസ്തേ
ബാഹുര്യ്യശശ്ചന്ദ്രകരാവദാതഃ
ശൗര്യ്യാംബുരാശേ! രവിവർമ്മഭൂപ!
കോ നാമ ലോകേ ഭവതസ്സധർമ്മാ. 16

8

അത്ര പൂർവ്വവാക്യേ സർവകാമപ്രദത്വസ്യ സമാനധർമ്മസ്യ ലോപഃ. ദ്വിതീയവാക്യേ തു ഉപമാദ്യോതകസ്യ ലോപഃ. തൃതീയവാക്യേ തു ഉപമാനസ്യ സമാനധർമ്മസ്യ ച ലോപഃ. തത്രോപമാനസ്യ കോ നാമേതി ഭംഗ്യാ നിഷിദ്ധസ്യ അവിവക്ഷിതത്വം ലോപഃ. 'ഗമ്യമാനത്വേ കസ്യചിത്' ഇത്യത്ര ഗമ്യമാനം അവിവക്ഷിതസ്യാപ്യുപലക്ഷണം. സമാനധർമ്മസ്തു നിർദ്ദോഷാണാം ഗുണാനാം പരിപൂർത്തിഃ പ്രസ്താവാൽ ഗമ്യതേ. 'ജലധിമണിച്ചാണമേലേണനേത്രേ' ഇത്യത്ര ഏണനേത്ര ഇതി 'ത്രി'ലോപേ ലുപ്തോപമാ. ഏണസ്യ നേത്രേ ഏണനേത്രേ ഇതി തത്ര പൂർവ്വം സമാസഃ. ഏണനേത്രേ ഇവ നേത്രേ യസ്യാഃ ഇതി പശ്ചാൽ വിഗ്രഹഃ. തത്രോപമാനവാചകസ്യ പൂർവ്വസമാസോത്തരപദസ്യ നേത്രശബ്ദസ്യ സമാസവശാത് ലോപഃ. ഇവശബ്ദസ്യ ച നിവൃത്തിഃ. സംസ്ഥാനവിശേഷരൂപഃ സമാനധർമ്മശ്ചാർത്ഥശക്ത്യാ ഗമ്യതേ ഇതി ത്രിലോപഃ. കസ്യചിത് ഇതി കാരികാഗതമേകവചനം അവിവക്ഷിതം. ഇത്യേഷാ ലുപ്തോപമായാ ദിഗ്ദ്രഷ്ടവ്യാ.

(9)

ഉപലക്ഷണയോർബിംബപ്രതിബിംബത കുത്രചിത്
തുല്യധർമ്മം തഥാ സാമ്യം അർത്ഥശക്ത്യാ വരും ക്വചിത്.

ബിംബപ്രതിബിംബഭാവേന സ്ഥിതസ്സമാനധർമ്മോ യഥാ—

നക്ഷത്രാണാം നികായം ഗഗനമരതക-
ത്തുമലർപ്പാലികായാ-
മൊക്കച്ചിക്കിപ്പുരത്തിപ്പുരിചൊടിത സമാ-
യാതി സന്ധ്യാ ദിനാന്തേ
മയ്യൂണ്ണാർമൗലിമാലയ്ക്കിഹ മരതകമാ-
ലയ്ക്കു മാലയ്ക്കു പൂവും
കയ്ക്കൊണ്ടെൻതോഴി! ചന്തം തടവിവരുമിള-
ന്തോഴിതാനെന്ന പോലെ.

അത്ര സഖീസന്ധ്യയോഃ സാദൃശ്യഹേതുരുഭയത്രാനുഗതഃ കശ്ചിത് ധർമ്മോ ന വിദ്യതേ. കിന്തു സഖ്യാ ഉപലക്ഷണഭൂതാനി യാനി പുഷ്പാണി തത്സ്ഥാനീയതയാ സന്ധ്യായാഃ നക്ഷത്രാണി വിദ്യന്തേ. തതശ്ച ഉപലക്ഷണഭൂതാനാം പുഷ്പാണാം നക്ഷത്രാണാം ച ഉജ്ജ്വലവർണ്ണതാദിജനിതപരസ്പരസാദൃശ്യാപരപര്യായോ ബിംബപ്രതിബിംബഭാവഃ സമാനധർമ്മതയാ സ്ഥിതഃ സഖീസന്ധ്യയോരു(പ)മാം പ്രയോജയതി. തത്ര മരതകോപാദാനം 'ഗഗനമരതകഞ്ജുമലപ്പാലികായാ'മിതി രൂപകമപ്യത്രോപകരുതേ. തത്ര മരതകോപാദാനം വർണ്ണതോ ഗഗനസാമ്യാർത്ഥം. നാത്ര ദിനാന്തസമായാനമാത്രം സമാനധർമ്മഃ. 'പൂവും കൈകൊണ്ടി'തി വിശേഷണസ്യ ആധിക്യപ്രസംഗാത്. ദിനാന്തസമായാനസ്യ സഖീധർമ്മത്വാന്നിയതത്വാച്ച.

അർത്ഥസാമർത്ഥ്യാക്ഷിപ്തം സാദൃശ്യം യഥാ—

കാക്കും കാക്കമ്മിക്കേകും പുരികുഴൽ, കമല-
ത്താരൊടും കാതൊടും ചെ-
ന്നേ(ൽ)ക്കും ചേർക്കണ്ണ്, കൊട്ടുക്കും വിന കമല-
ക്ക(?)മ്മുലക്കുന്നു രണ്ടും *f*
തേക്കും ചേക്കാ വിഷാദം തിറവിയ ജ്വലന-
പ്രൗഢി, കുംഭീന്ദ്രഗർവ്വം
പോക്കും പോക്കാക്ക് വാഴ്ത്താവിതു തവ വപുരു-
ത്തീർണ്ണമുത്രാടമാതേ 18

അത്ര ക്രമാൽ പഞ്ചസു വാക്യേഷു അതിക്രമണ-വിരോധ-ദുഃഖദാന-വിഷാദാപാദന-ഗർവ്വാപനയനരൂപാ അർത്ഥാഃ നായികാവർണ്ണനാത്മകപ്രകരണശക്ത്യാ സാദൃശ്യേ പര്യവസ്യന്തി. ആദ്യേ വാക്യദ്വയേ ശ്ലേഷോ*f*പി സംകീർയ്യതേ.

* അനന്വയം, ഉപമേയോപമ

(10)

ഉപമാനോപമേയങ്ങളൊന്നേയാകിലനന്വയം
വാക്യാന്തരേ പകർന്നീടിലുപമേയോപമാ ഭവേത്.

---

*f* 'വിന കനകമലയ്ക്കുമ്മുലക്കുന്നു രണ്ടും' എന്നു് ആയിരിക്കുമോ?—പ്ര.

അനന്വയോ യഥാ—

ഗുണൈർല്ലോകോത്തരൈരെസ്തൈസ്തൈഃ
കീർത്തിം വിതന്വതേതരാം
രവിവർമ്മമഹീപാല!
ഭവാനിവ ഭവാൻ പ്രഭോ! 19

ഉപര്യുപരി കീർത്തിപ്രസരണനിദാനഭൂതൈഃ ലോകോത്തരൈഃ ഗുണഗണൈർവ്വിശിഷ്ടത്വാത് ഭവതഃ കിമപ്യുപമാനം ന വിദ്യത ഇതി ഭാവഃ. അത്ര ഉപമാനോപമേയയോഃ വസ്തുതഃ ഏകത്വേ-ഽപി ശബ്ദോപാധിദ്വാരാ പ്രമുഖപ്രതീതം ഭേദം അശ്രിത്യ അലങ്കാരനിർവ്വാഹഃ. അഥ വിമർശദശായാം ഏകസ്യൈവ വിരുദ്ധധർമ്മസംസർഗ്ഗോഽനുപപദ്യമാനഃ സദൃശവസ്ത്വന്തരനിഷേധേ പര്യവസ്യതി.

ഉപമേയോപമാ യഥാ—

സഞ്ചിന്തിതേ സകലലോകസമസ്തകാമ-
സമ്പാദനേ പ്രതിദിനം രവിവർമ്മഭൂപ!
കല്പദ്രുമേണ സദൃശസ്തവ ബാഹുരേഷ
കല്പദ്രുമോഽപി ഭജതേ തവ ബാഹുസാമ്യം. 20

യദ്യത്ര കല്പദ്രുമം പ്രാകരണികഃ കല്പദ്രുമഃ കദാചിദുപമാനം അപേക്ഷേത തർഹി തവ ബാഹുരേവ തദ്ഭരസഹഃ. ഏവഞ്ച തവ ബാഹ്വോഃ കല്പദ്രുമം വിനാ കിമപ്യുപമാനം ന വിദ്യതേ ഇതി ഭാവഃ.

* സ്മരണം

(11)

തുല്യാർത്ഥസംപ്രയോഗംകൊണ്ടുദ്ബുദ്ധം യത്ര ജായതേ
തുല്യാനുഭൂതിജനിതസംസ്കാരം സ്മരണം ഹി തത്.

യഥാ—

പേടിച്ചീടുവനെത്രയും ബത സഖേ,
    വേഴാമ്പൽനാഥൻ മുതിർ-
ന്നാടിക്കോടയിലാമ്പൽനാഥനെ മറ-
    പ്പാൻ ചെന്നടുക്കും വിധൗ
മൂടിക്കൊണ്ടു മുഖാരവിന്ദമിരുൾകേ-
    ശംകൊണ്ടിളാമേനക-
പ്പേടക്കോകിലവാണി കോപമൊരുനാൾ
    f കയ്യേറ്റാണ്ടു ഞാൻ * * * 21

അത്ര ശങ്കാജന(ക)ത്വേനാനുഭൂതം നായികായാഃ അമർഷസൂചകം കേശപാശേന മുഖസംവരണം പ്രസാദനവ്യാപാരേണ കോപേ ശാന്തേ വിസ്മൃതം, ബീജാങ്കുരവത് വാസനാരൂപേണ ചിത്തേ നിലീനം, പുനഃ കാലാന്തരേ മേഘമണ്ഡലേന ചന്ദ്രമണ്ഡലപിധാനസ്യ സദൃശവസ്തുനഃ സന്ദർശനേനോദ്ബോധ്യതേ. ഭാവാർദ്രേ ചേതസി വിഗളിതവേദ്യാന്തരേ അനുഭവദശാതന്മയതാം ഉപാഗതേ സ്മരണേഽനുഭവഭ്രമേണ തസ്യാമപി ദശായാം ശംകാനിഷ്പത്തിഃ.

തുല്യാർത്ഥസംപ്രയോഗം വിനാ സ്മരണം നായമലംകാരഃ.

യഥാ—

ഏകാന്തത്തിലിരുന്നശേഷഭുവനാ-
    ധാരമ്മനക്കാമ്പുകൊ-
ണ്ടേകന്ദൈവതമിന്ദുപോതകലികാ-
    ചൂഡം നിനയ്ക്കും വിധൗ
നീൾക്കണ്ണാളൊടിരഞ്ഞിളമ്മട്ടുമലർ
    പ്പെണ്ണോടു കണ്ണോല്പല-
ത്താർകൊണ്ടമ്പിലൊരേറുകൊണ്ടതു സഖേ!
    തേന്റീടുമെന്മാനസേ. 22

അത്ര നായികാലംബനേ രത്യാഖ്യേ ഭാവേ വ്യഭിചാരിത്വേന നിലീനസ്മൃതിഃ ചിത്തസ്യ ബാഹ്യവ്യാപാരപരിത്യാഗേന വിവിക്തപ്രദേശാശ്രയണേന ച ഉദ്ബുദ്ധ്യതേ.

---

f 'കൈക്കൊണ്ടതോർക്കുന്നു ഞാൻ' എന്നായിരിക്കാം—പ്ര.

### * രൂപകം

(12)

സാമാനാധികരണ്യംകൊണ്ടുപമാനോപമേയയോഃ
അഭേദം യത്ര ഫലതി രൂപകം തദുദാഹൃതം.

(13)

സമസ്തവസ്തുവിഷയമേകദേശവിവർത്തിയും-
കേവലം മാലയും ഭേദം പരമ്പരിതവും തഥാ.

സമസ്തവസ്തുവിഷയം രൂപകം യഥാ—

ചേണാറീട്ടഞ്ചതുസ്സാഗരസലിലനവം-
പട്ടുടുത്തോരു ബാല-
ക്ഷോണിപ്പെണ്ണിന്നു മാരക്ഷിതിരമണനണി-
ഞ്ഞോരു മാണിക്കമാലേ!
കാണിക്കാലം കടക്കൺ കലയ മയി മുദാ
മന്മനക്കാമ്പശേഷം
കാണിക്കാ വെച്ചിതല്ലോ മലരടി തൊഴുതേൻ
മാരചിന്താമണീ! ഞാൻ. 23

അത്ര 'മാണിക്കമാലേ!' ഇത്യുപമാനവാചകസ്യ ലക്ഷണാവൃത്ത്യാ 'മാരചിന്താമണീ'ത്യുപമേയവാചകേന സാമാനാധികരണ്യം. തച്ച തയോഃ സാദൃശ്യാശേഷരൂപമഭേദം പ്രതിപാദയതി. മാണിക്ക-(മാലേയം?മാലായാം) മാണിക്കമാലാശബ്ദപ്രവൃത്തിനിമിത്തസ്യ ധർമ്മസ്യ സ്ഫുടോപലംഭാത് വൈധർമ്മ്യേ കിഞ്ചിന്മാത്രേ സത്യപി അവാന്തരവിശേഷതോപപത്തേശ്ച തദ്വ്യവഹാര ഏവാസ്യാം യുജ്യതേ. നനു സാദൃശ്യമാത്രകഥനമിതി വിവക്ഷാപ്രതീതേഃ. ഏവഞ്ച നായികായാം മാണിക്യമാലാത്വം ആരോപിതം ഭവതി. തത്ര ശോഭാഹേതുത്വം പ്രസിദ്ധമാണിക്യമാലായാഃ. കിഞ്ചിന്മാത്രേ രൂപസമാനസംബന്ധോ നിമിത്തം. ലോഭനീയത്വാദി ച വ്യംഗ്യം. സാ ച മാണിക്കമാലാ കാഞ്ചിദലങ്കാര്യ്യാം ബാലാം അപേക്ഷതേ. നായികയാ ച ക്ഷോണിരലംകൃതാ. അതോ*f*ലങ്കാര്യ്യത്വസാമ്യേന

ക്ഷോണ്യാം ബാലാതപം ആരോപിതം. താദൃശീ ച ബാലാതപസ്വാനുകൂലദുകൂലപരിധാനേന ശോഭതേ. ക്ഷോണീ ച സാഗരേണ തഥാ വേഷ്ടിതാ. അതഃ സാഗരേ ദുകൂലത്വമാരോപിതം. തത്ര ച വേഷ്ടനപരിധാനേ ബിംബപ്രതിബിംബഭാവേന സ്ഥിതഃ സമാനധർമ്മഃ. തയോശ്ച വർത്തുളസംസ്ഥാനവിശിഷ്ടം ആവരണം ബിംബപ്രതിബിംബതാഹേതുഃ. അനേനാരോപേണ ക്ഷോണ്യാ അഖണ്ഡത്വം ദ്യോതയതാ നായികായാ മർത്ത്യലോകാതിശായിതാ വ്യജ്യതേ. വേഷ്ടനഞ്ച പരിധാനത്വേന അധ്യവസിതം രൂപകമനുഗൃഹ്ണാതി. താദൃശ്യാ ബാലായാഃ ഭൂഷണാ (തദ്ഗപിതര? താദൃഗപിതരണ)-പര്യാപ്തപ്രഭുശക്തിമതാ കാന്തേന ആമുക്തമേവ തഥാത്വം ഭജതേ. നായികാ ച വിലാസാവിഷ്കരണേന ലോഭനീയത്വം ആപാദയതാ മാരേണ ക്ഷോണീഭൂഷണം കൃതാ. അതോ മാരേ ക്ഷിതിരമണത്വം ആരോപിതം. ക്ഷിതിരമണശബ്ദേന പ്രഭുത്വാ ക്ഷിതേഃ കാന്തത്വഞ്ച വിവക്ഷിതം. ഭൂഷണകരണഞ്ച ഭൂഷണാമോചനത്വേനാധ്യവസിതം 'അണിഞ്ഞൊരു മാണിക്കമാലേ' ഇതി. ഏവഞ്ച ഉപമേയാംഗഭൂതേഷു പദാർത്ഥേഷു പ്രത്യേകമുപമാനാംഗാനാം ആരോപാദ് ഇദം സമസ്തവസ്തുവിഷയം രൂപകം. സമസ്താനി രൂപ്യത്വേന അഭിമതാനി വസ്തൂനി സ്വശബ്ദോപാത്താനി വിഷയോ*f*സ്യേതി.

ഏകദേശവിവർത്തിരൂപകം യഥാ—

നേരത്തുരോജകലശങ്ങളുമാടി നൽത്തേ-
ന്നോരൊത്ത വായ്ക്കുരുതി നൽകുവനെന്നിവണ്ണം
മാരജ്വരം കിമപി മാറുമിനി(ക്ക) നീ താ-
ന്മാറത്തു തുട്ട*f* മമ നേരുകിൽ മാരലേഖേ! 24

അത്ര ഉരോജയോഃ കലശത്വമാരോപിതം. സംസ്ഥാനവിശേഷഃ സമാനധർമ്മഃ. 'ആടി'ഇതി ആശ്ലേഷാനുകൂല്യേന സർപ്പണം സ്നപനത്വേന അധ്യവസിതം. അധരേ ച രക്തജലത്വമാരോപിതം. താമ്രോ വർണ്ണഃ സമാനധർമ്മഃ. ഏവം ഉപാത്തസ്യ രൂപകദ്വയസ്യ

*f* 'ചാട്ടു' എന്നായിരിക്കാമോ?—പ്ര.

ശക്ത്യാ മാരേ ബലികാമഗ്രഹത്വാരോപോ നായികായാം ആശ്രി(താ)ത്വാരോപശ്ച അൎത്ഥാൽ സിദ്ധ്യതഃ. ജ്വരോത്പാദനേ ശമനേ ച സമാനധൎമ്മഃ. പ്രതിക്രിയായാ അകരണേ മാരകത്വം, പ്രതിക്രിയായാ ഈഷത്കരത്വം ച വ്യംഗ്യം. 'നേരുകിലിതി' സത്യവചനം ദേവതാപ്രീതിഹേതുഃ ശപഥത്വേന അധ്യവസിതം. തച്ച ആരോപിതധൎമ്മത്വാദ് ആൎത്ഥം രൂപകം അനുഗൃഹ്ണാതി. ഏവമാരോപ്യമാണസ്യ ക്വചിദ് ശാബ്ദത്വം; ക്വചിദ് ആൎത്ഥത്വം; ഇത്യേകദേശവിവൎത്തിരൂപകമിദം. ഏകദേശേ സ്വശബ്ദോപാദാദ് വിശേഷേണ വൎത്തത ഇതി.

കേവലരൂപകം യഥാ—

രവിവൎമ്മനരേന്ദ്രകീൎത്തിലക്ഷ്മീ-
മയചന്ദ്രാതപദീപിതേ ദിഗന്തേ
പരമിഷ്ടജനേന (വി)പ്രയുക്താഃ
പരിതാപം പരിപന്ഥിനോ ലഭന്തേ. 25

അത്ര കീൎത്തിലക്ഷ്മ്യാഃ ചന്ദ്രാതപത്വമാരോപ്യതേ. ധാവള്യം സമാനധൎമ്മഃ. തച്ച കീൎത്തേഃ കവിസമയസിദ്ധം. ഇഷ്ടജനേനേതി ശ്ലിഷ്ടം. ഏതത് സമസ്തം ഉപമാനോപമേയയോഃ ഏകപദസ്ഥത്വാത്.

യഥാ വാ—

ചാരുശ്രീൎമ്മാലി(?)ബാലക്കുളൎമുല നിഴലി-
ച്ചീലതിന്നുന്നമേ കാൺ
വാരിക്കോരിച്ചൊരിഞ്ഞാരഴകിതു പരിതാ-
പോദയം മാനവാനാം;
മാറിൽച്ചൊൽക്കൊണ്ട തയ്യൽക്കൊങ്കകളിനി വളരു-
ന്നാളിലെന്നല്ല മമ്മാ!
മാരക്ഷ്മാപാലനീരേഴലകൊരു പടിമേ
ല്പാവ ലാവണ്യകേളീ! 26

അത്ര ഭുവനേ യന്ത്രപുത്രികാത്വം ആരോപിതം. തച്ച വ്യസ്തം തയോഃ ഭിന്നപദസ്ഥത്വാത്. വശവർത്തിത്വം സമാനധർമ്മഃ. 'ഈരേഴുലകിതി' തദ്വാസിനോ ജനാ ലക്ഷ്യന്തേ. സാകല്യപ്രതീതിഃ ഫലം.

മാലാരൂപകം യഥാ—

നിർമ്മാതുന്നിരവദ്യരത്നരചനാസീമയ്ക്കു മാമന്മഥ-
ബ്രഹ്മാനന്ദസുധാതരംഗിണിതനിക്കല്ലാനലീലാനിധേഃ
കന്മാഷം തുടരാത്ത വെണ്മതികലയ്ക്കുഴാഴിനീർ ചൂഴുമി-
മ്മന്നിന്മേൽ മാതരുമാക്ക് മാരവിരുതിന്നുള്ളോന്നു മന്മാനസം. 27

അത്രൈകസ്മിൻ വിഷയേ ബഹൂനാം ആരോപിതത്വാത് മാലാരൂപകം. 'കന്മാഷം തുടരാത്ത വെണ്മതികലയ്ക്ക്' ഇതി സവിശേഷണം രൂപകം.

പരമ്പരിതരൂപകം യഥാ—

പണ്ടെ വെന്ന മുല കൈവരും വിധൗ
ഹന്ത! വേണുമൊഴി! ബാണനാക ഞാൻ
ഇന്ദ്രനാക വദനാവലോകനേ
ചന്ദ്രികേ! യുവചകോരചന്ദ്രികേ! 28

* സന്ദേഹം

(14)

ആരോപിതാർത്ഥകോടിസ്ഥവിഷയാരോപിതാന്തരം
സംശയിക്കപ്പെടുന്നാകിൽ സന്ദേഹാലംകൃതിർഭവേൽ.

ആരോപിതവിഷയകോടിഗതഃ സംശയോ യഥാ—

പൊഴിഞ്ഞിതോ ശാരദചന്ദ്രമണ്ഡലം
പിഴിഞ്ഞു പീയൂഷരസം മഹംഗകേ?

ക(ഴി)ഞ്ഞ രാവൻപൊട്ട നീ(?)[1] പൂവിൽ[2] മെയ്
ക(ഴ)ഞ്ഞുഴിഞ്ഞെങ്കൽ മുദാ കലന്റതോ? 29

അത്ര വിശിഷ്ടപീയൂഷരസോ നായികാതനുശ്ച സംശയസ്യ കോടിദ്വയത്വേനോപാത്തൗ. തയോർവ്വിധേയത്വാദ് അന്യത്ര ശ്രുതോഽപി സന്ദേഹഃ തത്ര പര്യവസ്യതി. സ്പർശമാത്രേണാഹ്ലാദാതിശയജനനരൂപഃ സമാനധർമ്മഃ സംശയസ്യ നിമിത്തം.

ആരോപിതാരോപിതാന്തരഗതഃ സംശയോ യഥാ—

കല്പദ്രുമഃ കിമയമാശ്രിതമർത്ത്യലോകഃ
കിം വാ ഗൃഹീതമധുരാകൃതിരംഗജന്മാ
സാക്ഷാത് പുരാരിരഥവേതി ഗുണൗഘശാലീ
ദോളായതേ ഹൃദി നൃണാം രവിവർമ്മഭൂപഃ. 30

അത്ര രാജവിഷയേ പ്രഥമം കല്പദ്രുമ ആരോപിതഃ. തതോഽംഗജന്മാ, തതഃ പുരാരിഃ, തേ പരസ്പരം സംശയകോടിത്വേന നിർദ്ദിഷ്ടാഃ. കല്പദ്രുമാരോപേ വദാന്യതാ സമാനധർമ്മഃ. അംഗജന്മാരോപേ രൂപമാധുര്യം. പരത്ര വിദ്യാശൗര്യാദയഃ. ത ഏവ ഗുണൗഘശബ്ദേന വിവക്ഷിതാഃ. സംശയസ്യ ആരോപമൂലത്വാദ് ആരോപസ്യ ച ബുദ്ധിപൂർവ്വത്വാത് നാത്ര ഭ്രാന്തിഃ. ലോകോത്തരഗുണവിശിഷ്ടത്വാത് സ്ഥൂലദൃഷ്ട്യാ പ്രാകൃതജനസിദ്ധേന രൂപേണ നാസൗ വ്യവഹാരയോഗ്യ ഇതി രൂപാന്തരാണി അപരിതോഷാത് വി(ക)ല്പ്യന്തേ ഇതി വാക്യാർത്ഥഃ.

* ഭ്രാന്തിമാൻ-അപഹ്നുതി.

(15)

വസ്ത്വന്തരതയാ ജ്ഞാതം ഭ്രാന്തിമാൻ സാമ്യഹേതുകം
അപഹ്നുതി പ്രസ്തുതാർത്ഥം നിഷേധിച്ചന്യസാധനം.

1 'നീവി' എന്ന് ആയിരിക്കാമോ—പ്ര.
2 'പൂവൽ മെയ്' എന്നായിരിക്കാമോ—പ്ര.

തത്ര ഭ്രാന്തിമാൻ യഥാ—

ആത്തുംഗമാഞ്ചൊഞ്ചട തന്നിലേന്തും
നേർതിങ്കൾ തേങ്ങാവലയെന്നു ചൊല്ലി
കാത്തും[1] പിടിച്ചരനുടേ ചുമലേറി നോക്കും
മാതംഗവക്ത്രനിത കൈതൊഴുന്നേൻ. 31

അത്ര സാധാരണോ വർണ്ണഃ സംസ്ഥാനഞ്ച ചന്ദ്രകലായാം നാളികേര-ഖണ്ഡഭ്രമം പ്രയോജയതഃ. സ്വാദിഷ്ഠദ്രവ്യലോലുപതാനിബന്ധനം ബാലചാപലം വ്യംഗ്യം.

അപഹ്നുതിര്യഥാ—

ഏതന്നഹേന്ദുമണികാന്തമനംഗബന്ധോ!
താരാപതേ! ഹരിണലക്ഷ്മ ന ലക്ഷ്യമാണം;
അന്തസ്ത്വയാ പ്രിയതമാവിരഹാർത്തിഭാജാം
സന്താപദായി നിഹിതം ഖലു കാളകൂടം. 32

അത്ര പ്രസ്തുതാ ഹരിണലക്ഷ്മ നിഷിധ്യ കാളകൂടം സാദ്ധ്യതേ. തത്ര നിഷേധാക്ഷിപ്തായാഃ പ്രാപ്തേഃ നിഷേധസ്യ ച വിരോധേന പ്രസ്താവേന ബലീയസീ പ്രാപ്തിഃ നിഷേധം ബാധിത്വാ പ്രസ്തുതാ-തിശയസമർപ്പണേ പര്യവസായയതി[2]. വ്യക്ത്യന്തരാനുപലബ്ധധർമ്മ-വിശേഷസംബന്ധാൽ സാമാന്യാന്തർഭാവസ്യ നിഷേധവിഷയത്വ-പ്രതീതേഃ. തതശ്ച സാദ്ധ്യമാനം ആരോപിതം പര്യവസ്യതി. അതോഽത്രാപ്യാരോപമൂലത്വാത് ന ഭ്രാന്തിപ്രസംഗഃ. അത്ര ച ആരോപേ സാധാരണോ വർണ്ണോ ദാഹശക്തിശ്ച നിമിത്തം. ദാഹശ്ച ചന്ദ്രപ്രഭായാം ഉപചർയ്യോഽന്യഥാനുപപത്ത്യാ കാളകൂടത്വാരോപേ തഥോപപത്ത്യാ ച കളങ്കോപാധിതേന പരികല്പിതഃ.

---

1 വൃത്തഭേദം.
2 പര്യവസ്യതി എന്നു മതി.

### * ഉത്പ്രേക്ഷാ

(16)

കല്പിതാപ്രസ്തുതത്വേന പ്രസ്തുതസ്യ യദ്ഘടനം
ഉത്പ്രേക്ഷാ സാ സ്വരൂപസ്യ ധൎമ്മഹേതോഃ ഫലസ്യ വാ.

തത്ര സ്വരൂപോത്പ്രേക്ഷാ യഥാ —

സൂക്ഷ്മാവദാതാ നിശിതാഗ്രഭാഗാ
ശംഭോ! കപൎദ്ദേ തവ ചന്ദ്രലേഖാ
മന്ദാകിനീവീചികണാപ്ലുതായാഃ
നിത്യഞ്ജടായാഃ കലികേവ ഭാതി. 33

അത്ര പ്രസ്തുതാ ചന്ദ്രലേഖാ ജടാകലികാലക്ഷണേന അപ്രസ്തു(ത്രത്വേ?തേ)ന സ്വരൂപാന്തരേണോത്പ്രേക്ഷ്യതേ. തസ്യ ച കല്പിതത്വം ജടായാം കലികായാ അത്യന്താഭാവാത്. അത ഏവ നേയമുപമാ. ഉപമായാം തു പ്രസിദ്ധേനോപമാനേ(ന) ഭവിതവ്യം. ഉത്പ്രേക്ഷായാം തു സംഭാവനാക്രോഡീകൃതമുപമാനം സാദ്ധ്യതയാ പരിഗൃഹ്യതേ. സൂക്ഷ്മത്വം അവദാതത്വം നിശിതാഗ്ര(ത്വ)ഞ്ച അത്ര സമാനധൎമ്മഃ.

യഥാ വാ—

അതിശയരമണീയാ രാമതേവീ! കണാ നിൻ
വദനശശികളങ്കം കാന്തി മുങ്ങിക്കലങ്ങി ¶
കുളുർമുലയിണമദ്ധ്യേ വീണുദാരശ്രിയാ വീ-
ണൊഴുകിന വഴിപോലെ രാജതേ രോമരാജിഃ. 34

അത്ര രോമരാജിഃ ശശികളങ്കത്വേന ഉത്പ്രേക്ഷ്യതേ. തസ്യ കല്പിതത്വം.(ച)ന്ദ്ര(?)കളങ്കസ്യ വദനേ ശശിത്വാരോപസിദ്ധത്വാൽ.

---

¶ 'കാന്തി മുങ്ങി' എന്നതിനു 'കാന്തി നീരിൽ' എന്നും, 'വീണൊഴുകിന' എന്നതിനു 'പോന്നൊഴുകിന' എന്നും ആണു ലീലാതിലകപാഠം. ആ പാഠം മെച്ചം.
—പ്രം.

നീലിമാ തത്ര പ്രതീയമാനഃ സമാനധർമ്മഃ. ഉത്പ്രേക്ഷയാ ച വദനസ്യ നിഷ്കളങ്കത്വേന ചന്ദ്രാദ് വ്യതിരേകോ വ്യജ്യതേ.

യഥാ വാ—

സിന്ദൂരന്നീരസം; ചെന്തളിർ നിറമഴിയും;
    കിംശുകം ഗന്ധഹീനം;
ബിംബം കയ്ക്കും; കഠോരം പവിഴമണി; ജപാ-
    പുഷ്പമോ വാട്ടമല്ലോ;
സന്ധ്യാമേഘം പൊടിച്ചിട്ടതിലമൃതു കഴ-
    ച്ചിട്ടുരുട്ടി ക്രമത്താൽ
നീട്ടിക്കല്പിച്ചിതെന്നേ കരുതുവിനധരം
    നാരണീനന്ദനായാഃ. 35

അത്ര അധരം വിശിഷ്ടസന്ധ്യാമേഘത്വേന ഉത്പ്രേക്ഷ്യതേ. തസ്യ കല്പിതത്വം സ്രഷ്ടുഃ ഭൗതികത്വനിയമാത്. തത്ര സിന്ദൂരാദീനാം നീരസത്വാദിനിബന്ധനനികർഷപ്രതിപാ(ദേ? ദനേ)ന ധ്വനിതോഽധരസ്യ സരസത്വാദിഗുണഃ സമാനധർമ്മഃ.

ധർമ്മോത്പ്രേക്ഷാ യഥാ—

നാകാംഗനാമധുരഗീതിഷു നന്ദനേ തേ
ദാനശ്രിയം പ്രകടിതാം രവിവർമ്മഭൂപ!
ശ്രുത്വാ പ്രസൂനഫലഭാ(ര)നതൈഃ ശിരോഭിഃ
പ്രായോ നതിം വിദധതേ തരവഃ സുരാണാം. 36

അത്ര സന്നിധൗ ദാ(ന)ശ്രീപ്രകടനരൂപാത് നിമിത്താത് സുരതരുഗതത്വേന നമസ്കാരവിധാനലക്ഷണോ ധർമ്മ ഉത്പ്രേക്ഷ്യതേ. തസ്യ കല്പിതത്വം സുരതരൂണാം സ്ഥാവരത്വാത്. സചേതനത്വേഽപി കരണശൂന്യത്വേന ശ്രവണപ്രഹ്വീഭാവയോഃ അസംഭവാത്. പ്രസിദ്ധധർമ്മാന്തരത്വാധിദേവതാസഹകൃതമേവ. ഭാരപ്രയുക്തം നമനമുത്പ്രേക്ഷായാ വിഷയഃ. തത്ര ച നമസ്കാ(രേ)ര ച സാധാരണ്യേനാനുഗതഃ പരിസ്പന്ദസന്ദോഹഃ സമാനധർമ്മഃ.

യഥാ വാ—

ആരൂഢപ്രേമഭാരാർദ്രമന്ഥരാലോലലോചനം
ഇദം തവ മുഖം തന്വി! വൎഷതീവാമൃതം ദൃശോഃ. 37

അത്ര മുഖഗതത്വേന അമൃതവൎഷണം ധൎമ്മ ഉത്പ്രേക്ഷ്യതേ. ഭാവവിശേഷപ്രത്യായിതമാനന്ദക്ലൃപ്യം പ്രതീയമാനോ വിഷയഃ. ആഹ്ലാദകത്വം ച രസഭൂവഃ സമാനോ ധൎമ്മോ നിമിത്തം ആഹ്ലാദസ്യ അലൗകികത്വപ്രതീതിഃ ഫലം.

ഹേതൂത്പ്രേക്ഷാ യഥാ—

കഥയാപി(ച) ലജ്ജതേ ഭവാൻ
നിജയേതി വ്യഥയേവ ഗാഹതേ
രവിവൎമ്മമഹീപതേ! ഭവദ്
ഗുണസാൎത്ഥഃ സകലോ ദിഗന്തരം. 38

അത്ര ഗാഢനേന നിമിത്തേന വ്യഥാ തസ്യൈവ ഹേതുത്വേന ഉത്പ്രേക്ഷ്യതേ. തസ്യാഃ കല്പിതത്വം. തത്ര തയോൎവ്വാസ്ത(വ്യ?വ)സ്യ ഹേതുഃഹേതുമത്ഭാവസ്യ അസംഭവാത്. വൎദ്ധിഷ്ണുത്വാത് സംബാധ
1
പ്രയുക്തമമാനം വിഷയഃ. ഗാഹനം പ്രതി ഹേതുത്വം സമാന ധൎമ്മഃ. യദ്യപ്യത്ര ഗുണസാൎത്ഥകർത്തൃകദിഗന്തരഗാഹനമന്യത്, അന്യദേവ വ്യഥാഹേതുകം. തഥാപി തയോരഭേദാധ്യവസായാത് നിമിത്തതോപപത്തിഃ.

ഫലോത്പ്രേക്ഷാ യഥാ—

കീൎത്തിഃ സമസ്താം ജഗതീം ജവേന
വിഗാഹതേ തേ രവിവൎമ്മഭൂപ!
പരേത്യ യുദ്ധേ പരലോകപാന്ഥാൻ
പ്രായസ്സപത്നാൻ പ്രസഭം ഗ്രഹീതും. 39

---

1 അൎത്ഥം വ്യക്തമാകുന്നില്ല.

അത്ര ഗ്രഹണം വിഗാഹനേന നിമിത്തേന തസ്യൈവ
ച ഫലത്വേനോത്പ്രേക്ഷ്യതേ.[1] വദ്ധിഷ്ണുത്വാസംബാധേന
അഭീപ്സിതാപരതാപരതോഽവകാശലാഭം ആരോപിതോ വിഷയഃ.
വിഗാഹനം പ്രതി സാധ്യഭാവഃ സമാനധമ്മഃ.

നിമ്മായം പ്രണയം നിറഞ്ഞു വഴിയുംപോലേ കപോലേ തെളി-
ഞ്ഞുന്മീലത്പുളകാങ്കുരാണി ചൊരിയും ധമ്മില്ലമാലാനപിതേ!
മമ്മാ! മന്മഥതാണ്ഡവാനി മകളേ! ഞാൻ കണ്ടതാവൃ മന-
സ്സമ്മോഹേന മയങ്ങി മാഴ്കുമവലോകാന്താനി കാന്താമണി. 40

അത്ര യദ്ദൃ?ദ്യപ്യുത്പ്രേക്ഷാദ്യോതകസ്യ ക്രിയാരൂപേണ
ധമ്മേണാന്വയഃ തഥാപി നാസൗ ധമ്മോത്പ്രേക്ഷാ. അത്ര
പ്രണയഗതസ്യ ധമ്മാന്തരസ്യ വിഷയത്വേ പുളകാങ്കുരാണാം
അനന്വയഃ സ്യാത്. അതഃ പ്രണയശേഷസ്യൈവ വിഷയത്വം—
പുളകാങ്കുരാണാം വിഷയത്വം. അത്രാമൂത്തസ്യ പ്രണ(യ)സ്യ
തഥാവിധസംഭാവനാനപപത്തേഃ മൂത്തത്വവിശേഷണം കല്പനീയം.
തതശ്ചോന്മീലത്പുളകാങ്കുരസമുദായോഽന്തഃപൂർണ്ണത്വേന നിരവ-
കാശതയാ ബഹിഃ നിസ്സ്ഗളത് മൂത്ത(ത)യാ പ്രണയശേഷ ഇവേതി
സ്വരൂപോൽപ്രേക്ഷാ അത്ര ദ്രഷ്ടവ്യാ. അതഃ പ്രണയസൂചകത്വം
സമാനധമ്മഃ. തച്ച പുളകാങ്കുരസ്യ സാത്വികവികാരത്വാത്.
തദേവോത്പ്രേക്ഷായാ നിമിത്തം.

* അതിശയോക്തി

(17)

അലൗകികം സ്വരൂപം യത് പ്രസ്തുതത്തിന്നു വർണ്യതേ
അഭേദാധ്യവസായംകൊണ്ടസാവതിശയോക്തിയാം.

പഞ്ചധാ ഭേദസംബന്ധതദ്വ്യത്യയജനിക്രമൈഃ
അന്യഥാ കല്പിതൈഃ സോഽയമഭേദഃ ഫലവാൻ ഭവേത്.

---

1 അത്ഥം വ്യക്തമാകുന്നില്ല.

തത്ര ഭേദേ അഭേദാധ്യവസായോ യഥാ—

മേഘാനാം നികരാത് കനന്നിപതിതം
നക്ഷത്രജാലം നില-
ത്താകാശത്തിന്ന മേലിരുന്ന വിവശം
തുള്ളീ സുവൎണ്ണാചലം;
രാകാചന്ദ്രനിലിന്ദ്രനീലചലനം
കണ്ടേൻ കനാവുങ്കൽ ഞാൻ
ഏകാന്തേ പറയാവതോ ശിവശിവ!
ശ്രീരാമ താരാമണീ! 41

അത്ര കേശപാശപ്രസൂനാവലഗസ്തനവദനനയനാനാം മേഘാദ്യൈഃ ഭേദേഽപ്യഭേദോഽധ്യവസിതഃ. തഥാപ്യത്ര നായികാം അഭിമുഖീകൃത്യ പ്രവൃത്തേഷു കവിവാക്യേഷു യോഗ്യതാവിരഹാത് ഉന്മത്തവാക്യവത് പദാനാം പരസ്പരാനന്വയേന മുഖ്യാൎത്ഥബാധേ സതി മേഘാദിശബ്ദാഃ സാദൃശ്യസംബന്ധപ്രവൃത്തയാ ലക്ഷണയാ കേശപാശാദ്യൎത്ഥാൻ പ്രതിപാദയന്തി. സ ചായം ശബ്ദവ്യാപാരഃ തേഷാം ഉഭയേഷാം അപി സൎവ്വഥൈവാഭേദപ്രതിപത്തിം പ്രയോജകത്വേന അഭിവ്യനക്തി.

അഭേദേ ഭേദാധ്യവസായോ യഥാ—

അന്യോ വിധാതാ പരമന്യദേവ
നിമിത്തമന്യസ്സമവായിഹേതുഃ
അന്യാദൃശീ സൃഷ്ടിരിയമ്മതാ മേ
ലോകാതിരിക്താ തരുണീമണീ തേ. 42

അത്ര വിധാത്രാദീനാം അഭേദേഽപ്യന്യതയാഭിധാനേന സ്വരൂപഭേദഃ പ്രതിപാദിതഃ.

സംബന്ധേ അസംബന്ധാദ്ധ്യവസായോ യഥാ—

ഉണ്ടെന്നിന്നോരുപരിമളമൊട്ടങ്ങു ദൃഷ്ടപ്രമാണം
കണ്ടീലെന്നുണ്ടൊരു (മ)ത്തമത്തും വാസ്തവന്നാസ്തി വാചാ

രണ്ടുമ്പൊലപാനരുത്തു കരുത്തുന്നേരമെന്മാരലേഖ-
ത്തങ്ങാർമാതിന്നട്ടവു *ന്ടവയ്ക്കുന്തിരിപ്പാൻ പ്രമാദം. 43

അത്ര മധ്യസ്യ ചക്ഷുരിന്ദ്രിയേണ സംബന്ധേഽപ്യസംബന്ധോഽധ്യവസിതഃ.

യഥാ വാ—

അർത്ഥിലോകപരിപൂർണ്ണമാശ്രയേത്
ഭൂതലം യദി സുരേന്ദ്രപാദപഃ
പ്രാപ്നുയാത് സ രവിവർമ്മഭൂഭുജ-
സ്തുല്യതാം വിതരണേ നിരാകുലഃ. 44

വദാന്യാനാം സുരേന്ദ്രപാദപേന പ്രസിദ്ധഃ സമാനധർമ്മസംബന്ധോഽത്ര ഭൂതലാശ്രയണരൂപാ സംഭാവ്യാർത്ഥസംഭാവനയാ നിരാകൃതഃ.

അസംബന്ധേ സംബന്ധാധ്യവസായോ യഥാ—

വേണീഭാരം വിരിക്കിൽ തെളിവൊടു പകലു-
ച്ചെക്കു നക്ഷത്രമൊക്കെ
ക്കാണാം, കേളൊന്നുറക്കപ്പുറകിലൊടിവൊളം
കോമളം മധ്യദേശം,
ചാണെല്ലാമല്ല നീളം നളിനമുഖി! മുളം
പോരുമാരോമൽമയ്ക്ക-
ണ്ണാണാവാൻ പെൺ കൊതിപ്പൊന്നുടൽവടിവു കലാ
വല്ലവീ! വല്ലഭേ! തേ. 45

അത്ര നക്ഷത്രദർശനം പ്രതി കേശപാശപ്രസാരണസ്യ നിമിത്തത്വേന സംബന്ധോഽസംബന്ധേഽപ്യധ്യവസിതഃ. മധ്യദേശഭംഗം പ്രതി വ്യവഹാരസ്യ കരണത്വേന സംബന്ധശ്ച. തഥാ നേത്രസ്യ പ്രതിപാദിതേന പ്രമാണേന സംബന്ധശ്ച.

* 'ന' എന്നും 'ള' എന്നും 'ഇ' എന്നും 'ത്തു' എന്നും വായിക്കാം.

ജനിക്രമേƒന്യഥാധ്യവസായോ യഥാ—

ദധിഷതാം വിപിനേ ചരതാം പാദതലം ലോഹിതായതേ പ്രഥമം
രോഷവശം തവ നയനം രവിവൎമ്മമഹീപതേ! ചരമം. 46

അത്ര കാരണഭൂതസ്യ നയനലോഹിതീഭാവസ്യ (ച?) പൂൎവ്വാപരീഭാവേന നിയതോ ജനനക്രമോƒന്യഥാധ്യവസിതഃ. സ ച തഥാനുപപദ്യമാനോ ബാധിതസ്വരൂപഃ കാരണസ്യ ശീഘ്രകാരിതാലക്ഷണേƒതിശയേ പൎയ്യവസ്യതി.

